നീലേശ്വരം വാർഡിലെ അംഗൻവാടികൾ

32 [4906] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ എത്ര അംഗൻവാടികളാണ് അനുവദിച്ചിരുന്നതെന്നും സ്ഥലം ലഭ്യമല്ലാത്തതിനാൽ ഇവയിൽ എത്രയെണ്ണത്തിന് കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും അറിയിക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാക്കിയാൽ ഇവയ്ക്ക് അതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ 237 അംഗൻവാടികൾ അനുവദിച്ചിരുന്നു. 24 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടായിരുന്ന ഈ ബ്ലോക്കിൽ ലോക ബാങ്ക് സഹായ പദ്ധതി പ്രകാരം 140 കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഫണ്ടും അനുമതിയും നൽകിയിട്ടുണ്ട്. 9 അംഗൻവാടികൾക്കുകൂടി കെട്ടിടം നിർമ്മിക്കുവാൻ ഇപ്പോൾ സ്ഥലം ലഭ്യമായിട്ടുണ്ട്. 64 അംഗൻവാടികൾക്ക് സ്ഥലവും കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും ലഭ്യമല്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഒരു കെട്ടിടത്തിന്റെ അടങ്കൽ തുക 1,25,000 രൂപയാണ്. ഇതിന്റെ 75% തുകയായ 93,750 രൂപ ലോകബാങ്ക് വിഹിതമാണ്. ശേഷിക്കുന്ന 25% തുക ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ്. ആദ്യഘട്ടത്തിൽ കേന്ദ്രസർക്കാർ അനുമതി ലഭിച്ച 1600 കെട്ടിടങ്ങളുടെ ലോകബാങ്ക് സഹായ വിഹിതം വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നേരത്തെതന്നെ കൈമാറിക്കഴിഞ്ഞു. രണ്ടാംഘട്ടമായി ലഭിക്കേണ്ടിയിരുന്ന 1600 കെട്ടിടങ്ങളുടെ കേന്ദ്രസർക്കാർ അനുമതിക്ക് ഫണ്ട് ഇതുവരെ ലഭിച്ചിട്ടില്ല.ആയത് ലഭിക്കുന്ന പക്ഷം ഒരു കെട്ടിടത്തിന് 93,750 രൂപ പ്രകാരം കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുവാൻ കഴിയുന്നതാണ്.

കുന്ദമംഗലം മണ്ഡലത്തിലെ പുതിയ അംഗൻവാടികൾ

33 [4908] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അംഗൻവാടികൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ മണ്ഡലം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) കുന്ദമംഗലം മണ്ഡലത്തിൽ ഏതൊക്കെ ഭാഗത്ത് പുതിയ അംഗൻവാടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly